(10) നിലവിലുള്ള തട്ട് ബോർമകൾക്ക് പകരം ഫോഗ് എയർ ബോർമയുടെ സ്ഥാപനം

(11) ടിന്നിൽ പരിപ്പ് നിറച്ച് എക്സ്പോർട്ട് ചെയ്യുന്നതിന് പകരം ഫ്ളെക്സി പാക്കിംഗിൽ പരിപ്പ് നിറച്ച് എക്സ്പോർട്ട് ചെയ്യൽ.

കോർപ്പസ് ഫണ്ട്

16 (*575) ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. കെ.പി രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പസ് ഫണ്ട് രൂപീകരിച്ചതെപ്പോഴാണ്;

(ബി) ഈ ഫണ്ട് രൂപീകരിച്ചതിനു ശേഷം പീഡിതവും അടഞ്ഞുകിടക്കുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് എത്ര രൂപ ഈ ഫണ്ടിൽനിന്നും വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വ്യവസായങ്ങൾക്ക് എത്ര രൂപാവീതം മുടക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേരള വ്യവസായ പുനരുദ്ധാരണ നിധി ആക്ട് പ്രകാരം 29.3.99-ൽ കേരള വ്യവസായ പുനരുദ്ധാരണ നിധി രൂപീകരിച്ചു. ഇതിന് സർക്കാരിന്റെ വിഹിതമായി 1998-99ൽ 30 കോടി രൂപയും ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപയും ചേർത്ത് 210 കോടി രൂപ സമാഹരിച്ചു കഴിഞ്ഞു.

(ബി) ഈ ഫണ്ടിൽനിന്നും 15.49 കോടി രൂപ 1999 ഒക്ടോബർ മാസത്തിൽ അനുവദിച്ചിട്ടുണ്ട്.

(സി) ടെൽക് (10 കോടി രൂപ), കേരളാസ്റ്റേറ്റ് ടെക്സ്റ്റെയിൽസ് കോർപ്പറേഷൻ (2 കോടി രൂപ) ആട്ടോകാസ്റ്റ് (1.82 കോടി രൂപ) കേരളാ ഗാർമെന്റ്സ് (1.67 കോടി രൂപ) എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ളത്.

ക്രമക്കേടുകളെ സംബന്ധിച്ച അക്കൗണ്ടന്റ് ജനറൽ അയക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട്

17 (*576) ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമക്കേടുകളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ അയക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിനും ആഡിറ്റ് ഒബ്സർവേഷനും റവന്യൂവകുപ്പിൽ നിന്നു മറുപടി അയക്കുന്നതിന് കാലപരിധി നിർണ്ണയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 1997-98 വർഷത്തേക്കുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടുകൾക്ക് പ്രാഥമിക മറുപടിപോലും അയക്കാത്ത എത്ര കേസുകൾ റവന്യൂവകുപ്പിൽ നിലവിലുണ്ട് എന്നു കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നു വെളിപ്പെടുത്തുമോ;

(ഡി) അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെടുന്ന വിശദീകരണങ്ങൾ നല്കാൻ സമയപരിധി കഴിഞ്ഞും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ വീഴ്ചക്കാരുടെ മേൽ മാതൃകാപരമായി ശിക്ഷാനടപടികൾ സ്വീകരിച്ചു വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുമോ?

റവന്യൂ വകുപ്പ് മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി) ആഡിറ്റ് ഒബ്ജക്ഷനുകൾക്കുള്ള മറുപടി രണ്ടാഴ്ചക്കകവും ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾക്കുള്ള പ്രാഥമിക മറുപടി അവ ലഭിച്ച് നാലാഴ്ചക്കകവും നല്കേണ്ടതാണ്. ഡ്രാഫ്റ്റ് പാരക്കുള്ള മറുപടി മൂന്നു മാസത്തിനകവും സി.ആൻഡ് എ.ജി. യുടെ ആഡിറ്റ് പാരക്കുള്ള അനന്തര നടപടികൾ ആറു മാസത്തിനകവും പൂർത്തീകരിക്കേണ്ടതാണ്.

(സി) അത്തരത്തിലുള്ള കേസുകളൊന്നും റവന്യൂവകുപ്പിൽ ഇപ്പോൾ നിലവിലില്ല.

(ഡി) ഇല്ല.

(ഇ) വീഴ്ചക്കാരുടെ മേൽ മാതൃകാപരമായി ശിക്ഷണനടപടികൾ സ്വീകരിച്ച് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്.

പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ

18 (*577) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ സംഘടനകളേയും കേരള ബിൽഡിംഗ് ഡിസൈനേഴ്സ് അസോസിയേഷനും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്;

(സി) കെട്ടിട നിർമ്മാണത്തിന് അനുമതിയ്ക്കായി അപേക്ഷിക്കുന്നവർ ഡെവലപ്മെന്റ് ഫീസിനത്തിൽ അടക്കേണ്ട തുകയുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly